"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കാസർഗോഡ് ജില്ല – ഉദുമ ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറിയായിരുന്ന ശ്രീ. വി. സുകുമാരനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2303/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 14/12/2020

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 17.05.2018-ലെ ഡി9-12791/2017 നമ്പർ കുറ്റാരോപണ മെമ്മോ

2 പഞ്ചായത്ത് ഡയറക്ടറുടെ 15.07.2019-ലെ PAN/27229/2018-D9(DP) നമ്പർ നടപടിക്രമങ്ങൾ

3 പഞ്ചായത്ത് ഡയറക്ടറുടെ 28.07.2019-ലെ PAN/27229/2018-D9(DP) നമ്പർ കത്ത്

4 സർക്കാരിന്റെ 04.03.2020-ലെ ഇപിബി3/335/2019/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5 ശ്രീ. വി. സുകുമാരൻ സമർപ്പിച്ച 05.10.2020-ലെ പ്രതിവാദ പത്രിക

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിനും, തീരദേശപരിപാലന നിയമങ്ങൾക്കും വിരുദ്ധമായി പഞ്ചായത്തിൽ നിന്ന് അനുമതി വാങ്ങാതെ നിർമ്മിച്ച ഇരുനില കോൺക്രീറ്റ് കെട്ടിടം പൊളിച്ചുമാറ്റുന്നതിന് 2011 മുതൽ നോട്ടീസ് നൽകി വരവേ പ്രസ്തുത കെട്ടിടത്തിന് വൈദ്യുതി കണക്ഷന് വേണ്ടി കെ.എസ്.ഇ.ബി. യിൽ ഹാജരാക്കുവാൻ 19.03.2014 ന് ഉദുമ ഗ്രാമപഞ്ചായത്ത് സെക്രട്ടറി താത്കാലിക ഉടമസ്ഥാവകാശ സാക്ഷ്യപത്രം നൽകിയതായും, ടി കെട്ടിടം പൊളിച്ചുമാറ്റുന്നതിന് 26.06.2014 മുതൽ തുടർനടപടി സ്വീകരിക്കാതിരുന്ന ഉദുമ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിമാരായിരുന്നവർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതിന് കാസർഗോഡ് വിജിലൻസ് യൂണിറ്റ് ഡെപ്യൂട്ടി സൂപ്രണ്ട് റിപ്പോർട്ട് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയായിരുന്ന ശ്രീ. വി. സുകുമാരനെതിരെ ചുവടെ പറയുന്ന ആരോപണങ്ങൾ മുൻനിർത്തി പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു.

1. ഉദുമ ഗ്രാമപഞ്ചായത്തിൽ ശ്രീമതി. ആച്ചിബിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിലനിന്നിരുന്നതും തീരദേശ പരിപാലന നിയമങ്ങൾക്കും, കേരള പഞ്ചായത്ത് രാജ് നിയമങ്ങൾക്കും വിരുദ്ധമായി കടൽഭിത്തിയോട് ചേർന്നും പി.ഡബ്ല്യു.ഡി. റോഡിൽ നിന്നും 1.6 മീറ്റർ അകലത്തിൽ 18 6 ച.മീറ്റർ തറവിസ്തീർണ്ണമുള്ളതുമായ അനധികൃത ഇരുനില കെട്ടിടം പൊളിച്ചുമാറ്റാൻ ഉദുമ ഗ്രാമപഞ്ചായത്തിൽ നിന്നും 10.06.2011, 25.10.2012 തീയതികളിൽ നൽകിയ നോട്ടീസുകൾ നിലനിൽക്കെ കുറ്റാരോപിതൻ ശ്രീമതി. ആച്ചിബിയുടെ അനധികൃത കെട്ടിടത്തിന് 19.03.2014-ന് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകുകയുണ്ടായി.

2. 26.06.2014-ന് ശ്രീമതി. ആച്ചിബിയുടെ അനധികൃത കെട്ടിടം പൊളിച്ചുമാറ്റാൻ അന്തിമ ഉത്തരവ് നൽകുന്നതിനു മുൻപ് അനധികൃത കെട്ടിടത്തിൽ ത്രീഫേസ് വൈദ്യുതി കണക്ഷൻ എടുക്കാൻ അവസരമുണ്ടാക്കി 19.03.2014-ന് താൽക്കാലിക താമസ സാക്ഷ്യപത്രം നൽകിയത് ഗുരുതരമായ ചട്ടലംഘനമാണ്.

3. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235, 235 W2 പ്രകാരവും 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 20(3) പ്രകാരവും അനധികൃത കെട്ടിടം പൊളിച്ചു നീക്കുന്നതിനുള്ള 26.06.2014-ലെ ഉത്തരവ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കാത്ത പ്രവൃത്തി ഗുരുതര ചട്ടലംഘനവും കൃത്യവിലോപവും ആണ്.

പഞ്ചായത്ത് ഡയറക്ടർ കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി സ്വീകരിച്ചു വരവെ ശ്രീ. വി. സുകുമാരൻ 31.05.2019-ന് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ കെ.സി.എസ്. (സി.സി.&എ) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ആരംഭിച്ച അച്ചടക്ക നടപടി പരാമർശം (2) പ്രകാരം തീർപ്പാക്കി കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 പ്രകാരം സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നതിന് പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

തുടർന്ന് ഇക്കാര്യം സർക്കാർ പരിശോധിച്ചു CRZ നിയമലംഘനവുമായി ബന്ധപ്പെട്ട് പൊളിച്ചുമാറ്റാൻ നിർദ്ദേശം നൽകിയിരുന്ന കെട്ടിടത്തിന് ഉടമസ്ഥാവകാശ സാക്ഷ്യപത്രം അനുവദിച്ച് നൽകിയെന്ന ഗുരുതരമായ ആരോപണത്തിന്മേലാണ് ടിയാനെതിരെ അച്ചടക്കനടപടി ആരംഭിച്ചിട്ടുള്ളതെന്നും കൂടാതെ ടിയാനോടൊപ്പം അച്ചടക്ക നടപടി ആരംഭിച്ച മറ്റ് സെക്രട്ടറിമാർക്കെതിരെയുള്ള നടപടി 'സെൻഷർ' എന്ന ശിക്ഷ നൽകി തീർപ്പാക്കിയിട്ടുണ്ടെന്ന് പരാമർ ശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ടിയാൻ ചെയ്ത കുറ്റത്തിന്റെ ഗ്രാവിറ്റി കുറയുന്നില്ല എന്നു കണ്ടെത്തിയതു പരിഗണിച്ച് ശ്രീ. വി. സുകുമാരനെതിരെ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 1000/- രൂപ വീതം 5 വർഷത്തേക്ക് തുടർച്ചയായി കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. വി. സുകുമാരൻ പരാമർശം (5) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്.

ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രിക ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. ശ്രീ. വി. സുകുമാരന്റെ പ്രതിമാസ പെൻഷനിൽ നിന്നും 1000/- രൂപ വീതം 5 വർഷത്തേയ്ക്ക് തുടർച്ചയായി കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീ. വി. സുകുമാരനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറിയായിരുന്ന ശ്രീ. വി. സുകുമാരനെതിരായ ആരോപണങ്ങളിന്മേൽ അച്ചടക്ക നടപടികൾ സംബന്ധിച്ച മാന്വൽ പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 1 5 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്

(പരാമർശം (1) മുതൽ (5) വരെയുള്ള പകർപ്പുകൾ സഹിതം)

2. ശ്രീ. വി. സുകുമാരൻ, മുൻ സെക്രട്ടറി, ഉദുമ ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) /(ആഡിറ്റ്) , കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പ്രസിഡന്റ്/സെക്രട്ടറി, ഉദുമ ഗ്രാമപഞ്ചായത്ത്, കാസർഗോഡ്

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/335/2019/തസ്വഭവ)

Signature Valid
ഉത്തരവിൻ പ്രകാരം
Digitally signed by SUDHEER S S
Date: 2020.12.14 13:49:15 IST
Reason: Approved
സെക്ഷൻ ഓഫീസർ